# പി. എം. എം. യു. പി. സ്ക്കൂൾ

## ചെന്ത്രാപ്പിന്നി



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

# ഉള്ളടക്കം


- ആമുഖം
- ലഘുചരിത്രം
- നേതൃത്വം വളർച്ചയുടെ നാഴികക്കല്ലുകൾ
- കൈവരിച്ച നേട്ടങ്ങൾ
- അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ, പരിമിതികൾ
- പൊതുലക്ഷ്യങ്ങൾ
- അധ്യാപകർ ഉൾപ്പെടുന്നവരുടെ എണ്ണം
- നിലവിലുള്ള അവസ്ഥാവിശേഷം
- അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
- മേഖല : അക്കാദമികം - ഉപമേഖല : മലയാളം (പദ്ധതി വിദശാംശങ്ങൾ)
- മേഖല : അക്കാദമികം - ഉപമേഖല : ഇംഗ്ലീഷ്
- മേഖല : അക്കാദമികം - ഉപമേഖല : ഗണിതം
- മേഖല : അക്കാദമികം - ഉപമേഖല : പരിസരപഠനം
- മേഖല : അക്കാദമികം - ഉപമേഖല : അറബിക്
- മേഖല : അക്കാദമികം - ഉപമേഖല : ഇംഗ്ലീഷ് ഭാഷ
- മേഖല : അക്കാദമികം - ഉപമേഖല : സയൻസ്
- മേഖല : അക്കാദമികം - ഉപമേഖല : ഗണിതം
- മേഖല : അക്കാദമികം - ഉപമേഖല : ഹിന്ദി
- മേഖല : അക്കാദമികം - ഉപമേഖല : സംസ്കൃതം
- പ്രതീക്ഷിത നേട്ടങ്ങൾ
- ഉപസംഹാരം

# ആമുഖം

ജീവിതത്തിന്റെ സമസ്ത മേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു. ബോധനശാസ്ത്രം, പഠനമനഃശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും, പ്രായോഗികാനുഭവങ്ങളും കുറെക്കൂടി മെച്ചപ്പെട്ട രീതിയിൽ പഠനസാമഗ്രികളുടെ നിർമ്മാണവും പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിനും നമ്മെ പ്രാപ്തരാക്കുന്നു. എല്ലാ വിഭാഗം കുട്ടികളുടെയും പഠനപുരോഗതി നാം ലക്ഷ്യം വെയ്ക്കുന്നു. വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ള മാനസികവും ശാരീരികവും ബൗദ്ധികവുമായ വ്യത്യസ്ത കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിക്കുവാനും സ്കൂളുകളിൽ വിജയം കൈവരിക്കുവാനും കഴിയുമെന്ന് ഉറപ്പുവരുത്തണം. ലിംഗം, ജാതി, ഭാഷ, സംസ്കാരം, മതം, അംഗവൈകല്യങ്ങൾ മുതലായവയിൽനിന്ന് ഉടലെടുക്കുന്ന പരിമിതികൾ മറികടക്കാൻ നയങ്ങളും പദ്ധതികളും മാത്രം പോരാ. ശൈശവഘട്ടം മുതൽ തന്നെ യോജ്യമായ പഠനലക്ഷ്യങ്ങളും അധ്യാപനരീതികളും തിരഞ്ഞെടുക്കുകയും രൂപകല്പന ചെയ്യുകയും വേണ്ടതുണ്ട്. ഓരോ പിതാവും അവരുടെ മുൻ അനുഭവങ്ങളുമായി ബന്ധപ്പെടുത്തിയാണ് ജ്ഞാനനിർമ്മാണം നടത്തുന്നത്. വിവിധ പഠനശൈലികളെ പരിഗണിച്ചുകൊണ്ട് വിവിധ ഇന്ദ്രിയാനുഭവങ്ങൾ നൽകുന്നതുവഴിയും പഠനവേഗം പരിഗണിച്ച് പഠനാനുഭവങ്ങൾ നൽകുന്നതുവഴിയും പാഠ്യവസ്തുത താല്പര്യജനകവും അർത്ഥപൂർണ്ണമാക്കുന്നതുവഴിയും പഠനം കൂടുതൽ ഫലപ്രദമാകുന്നു. ഓരോ കുട്ടിയുടെയും സമഗ്രവികസനം ലക്ഷ്യം വെച്ചായിരിക്കണം പഠനപ്രക്രിയ നിശ്ചയിക്കേണ്ടത് അക്കാദമിക മികവാണ്. വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നി അക്കാദമിക മേഖലകളിലെ വികസനം സാധ്യമാകുന്നതിനുള്ള കർമ്മപദ്ധതികൾ ഉൾക്കൊള്ളുന്ന തരത്തിലായിരിക്കണം അക്കാദമിക് മാസ്റ്റർ പ്ലാൻ, അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക സംഘടനാപ്രവർത്തനകർ, വിവിധ സർക്കാർ, സർക്കാരിതര ഏജൻസികൾ എന്നിവരുടെ സമയബന്ധിതമായും മുന്നൊരുക്കത്തോടുകൂടിയുള്ള പ്രവർത്തനം വിദ്യാലയങ്ങളെ മികവുറ്റതാക്കിതീർക്കുന്നതിന് സാധിക്കും എന്നത് തർക്കമില്ലാത്ത കാര്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പൊതുവായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ നമുക്ക് കൂട്ടായി ശ്രമിക്കാം.

# ലഘുചരിത്രം

1925 ൽ ശ്രീ ചക്കാലക്കൽ ശങ്കരൻ മാസ്റ്റർ സ്ഥാപിച്ച ഈ വിദ്യാലയം ആദ്യ കാലഘട്ടത്തിൽ 4 ക്ലാസ് മുറികളായിട്ടാണ് ആരംഭിച്ചത്.കൈതകാലും ഓലമേഞ്ഞതും നിലം മണ്ണ് നിറഞ്ഞതുമായിരുന്നു അന്ന്. ചെന്ത്രപ്പിന്നി ഈസ്റ്റിൽ പാവപ്പെട്ടവർ മാത്രം താമസിച്ചിരുന്ന ഈ പ്രദേശത്തെ ഏകആശ്രയം ഈ വിദ്യാലയമായിരുന്നു. തുടക്കത്തിൽ 4 അധ്യാപകരും 125 കുട്ടികളും ഉണ്ടായിരുന്ന ഈ വിദ്യാലയം 1945 ൽ ശ്രീ വെളിയത്ത് പാപ്പു മാസ്റ്റർക്ക് കൈമാറുകയും 1947 ൽ എലിമെന്ററി സ്കൂളായി ഉയർത്തുകയും ചെയ്തു. ഹെഡ്മാസ്റ്ററായിരുന്ന ശ്രീ പാപ്പുമാസ്റ്ററുടെ കാലത്ത് ശ്രീമതി മറിയം, ശ്രീമതി ഏല്യ, ശ്രീമതി മേരി, ശ്രീമതി അൽഫോൺസ, ശ്രീമതി റോസ, ശ്രീമതി ജാനകി, ശ്രീമതി സുഭദ്ര, ശ്രീമതി വിജയലക്ഷ്മി, ശ്രീമതി മഹിളദേവി, ശ്രീമതി ദേവയാനി, ശ്രീമതി ലളിത, ശ്രീ ആണ്ടിക്കുട്ടി മാസ്റ്റർ, ശ്രീ തുപ്രൻ മാസ്റ്റർ, ശ്രീ ഗോപാലൻ മാസ്റ്റർ, ശ്രീ ബാലകൃഷ്ണൻ മാസ്റ്റർ, ശ്രീ രാമൻ നായർ മാസ്റ്റർ, ശ്രീ ഗോവിന്ദൻകുട്ടി മാസ്റ്റർ, ശ്രീ കുഞ്ഞക്കൻ മാസ്റ്റർ, ശ്രീ ബാലകൃഷ്ണൻ മാസ്റ്റർ, ശ്രീ കുഞ്ഞിമൊയ്തീൻ മാസ്റ്റർ, ശ്രീ പൗലോസ് മാസ്റ്റർ, ശ്രീ പി.സി. കാർത്തികേയൻ മാസ്റ്റർ, ശ്രീ ഗോപിനാഥൻ മാസ്റ്റർ, എന്നിവർ ജോലി ചെയ്ത പൂർവ്വാധ്യാപകരാണ്. അതിനു ശേഷം ശ്രീ ആണ്ടിക്കുട്ടി മാസ്റ്ററും, പിന്നീട് ശ്രീ തുപ്രൻ മാസ്റ്ററും പിന്നീട് ശ്രീ ഗോപിനാഥൻ മാസ്റ്ററും ഹെഡ്മാസ്റ്റർമാരായി ജോലി ചെയ്തു വന്നിട്ടുണ്ട്. പിന്നീട് 1985 ൽ ശ്രീ പാപ്പു മാസ്റ്റർ തന്റെ മകൻ ശ്രീ വെളിയത്ത് പവിത്രന് സ്കൂൾ കൈമാറുകയും അദ്ദേഹം മാനേജരായി തുടർന്നു പോരുകയും ചെയ്തു വരുന്നു. ശ്രീ ഗോപിനാഥൻമാസ്റ്റർ 2003 ൽ ഹെഡ്മാസ്റ്റർ പദവിയിൽ നിന്നും വിരമിക്കുകയും ശ്രീമതി. എം.സി. ബീന ടീച്ചർ 2003 ജൂൺ 1 മുതൽ ഹെഡ്മാസ്റ്റർ പദവിയിൽ തുടർന്നുപോരുകയും 2019 ജൂൺ 31ന് ഹെഡ്മാസ്റ്റർ പദവിയിൽ നിന്ന് വിരമിക്കുകയും ചെയ്തു. ശ്രീമതി. ഇ.വി.കെ. റിത ടീച്ചർ 2019 ജൂൺ

മാസം മുതൽ ഹെഡ്മാസ്റ്റർ പദവിയിൽ തുടരുകയും 2023 മെയ് 31ന് ഹെഡ്മാസ്റ്റർ പദവിയിൽ നിന്ന് വിരമിക്കുകയും ചെയ്തു. 2022 ജൂൺ 1 മുതൽ ശ്രീമതി. വി.ബി. ഷൈമ ടീച്ചർ ഹെഡ്മാസ്റ്റർ പദവിയിൽ തുടർന്നുപോരുകയും ചെയ്തുവരുന്നു. കാലാകാലങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങൾക്ക് അനുസൃതമായി സ്കൂളിന് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇംഗ്ലീഷ് മീഡിയത്തിന്റെ വരവും ഭൗതിക സാഹചര്യത്തിന്റെ അഭാവവും കുട്ടികളുടെ എണ്ണത്തെ ബാധിക്കുകയുണ്ടായി. നിലവിൽ ഓടിട്ട സിമന്റ് തറയുള്ള ഈ കെട്ടിടങ്ങൾ പര്യാപ്തമല്ല എന്നു മനസ്സിലാക്കികൊണ്ട് മാനേജർ പുതിയ കെട്ടിടം പണിയുകയും ഇപ്പോഴുള്ള പി.ടി.എ., ഒ.എസ്.എ, എം.പി.ടി.എ, എസ്.എസ്.ജി അംഗങ്ങൾ, വിദ്യാലയ വികസനസമിതി എന്നിവർ സംയുക്തമായി സ്കൂൾ കെട്ടിടം ആധുനിക സൗകര്യങ്ങളോടുകൂടി ഒരുക്കുകയും ചെയ്തു. 11 അധ്യാപകരും 1 അനധ്യാപകരും ഈ സ്ഥാപനത്തിൽ ഇപ്പോൾ ജോലി ചെയ്യുന്നു. ഗതാഗതസൗകര്യമൊന്നുമില്ലാതിരുന്ന ആദ്യകാലഘട്ടത്തിൽ നിന്നുമാറി ബസ് അടക്കമുള്ള ഗതാഗതസൗകര്യം ഈ വിദ്യാലയത്തിൽ ഉണ്ട്. പുതിയ പാഠ്യപദ്ധതി പ്രകാരം അറിവിന്റെ നിർമ്മാണം സാധ്യമാക്കുന്നതിന് സജീവമായ നിരവധി ഇടപെടലുകൾ നടത്തിവരുന്നുണ്ട്. പി.ടി.എ, എം.പി.ടി.എ, ഒ.എസ്.എ, എസ്.എസ്.എ എന്നിവരുടെ സാമൂഹിക ഇടപെടലുകൾ നടക്കുന്നുണ്ട്.

# വളർച്ചയുടെ നാഴികക്കല്ലുകൾ

1925ൽ ശ്രീ. ചക്കാലക്കൽ ശങ്കരൻ മാസ്റ്റർ ഈ നാടിന്റെ വിദ്യാഭ്യാസപുരോഗതി ലക്ഷ്യമാക്കി ഒരു ലോവർ എലിമെന്ററി സ്കൂൾ സ്ഥാപിച്ചു. ഉണ്ണാനും ഉടുക്കാനും വകയില്ലാതെ കഷ്ടപ്പെട്ടിരുന്ന അന്നത്തെ വിദ്യാർത്ഥികൾക്കുവേണ്ടി അദ്ദേഹം വളരെയധികം ത്യാഗങ്ങൾ സഹിച്ച് സ്കൂൾ നടത്തിക്കൊണ്ടുപോന്നു. 1942ൽ വിദ്യാലയത്തിന്റെ ഉയർച്ചയെ ലാക്കാക്കി 125 വിദ്യാർത്ഥികളും 5 ക്ലാസ്സുകളും 5 അധ്യാപകരും അടങ്ങുന്ന ഈ വിദ്യാലയം ശ്രീ. പി.കെ. പാപ്പു മാസ്റ്റർക്ക് കൈമാറ്റം ചെയ്യുകയും അന്നുമുതൽ അദ്ദേഹം ഇവിടുത്തെ പ്രധാനാധ്യാപകനായി സേവനമനുഷ്ഠിക്കുകയും ചെയ്തു. നാട്ടുകാരുടേയും അധ്യാപകരുടേയും പരിശ്രമഫലമായി സ്കൂളിന്റെ ബാലാരിഷ്ടങ്ങൾ നീക്കുകയും 1948-49 അധ്യയനവർഷത്തിൽ ഹയർ എലിമെന്ററി സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. വിദ്യാഭ്യാസസൗകര്യം വർധിച്ചു എന്നുമാത്രമല്ല ഇത് ഒരു കലാ-സാംസ്കാരികകേന്ദ്ര മാവുകയും ചെയ്തു. സഹൃദയരായ നാട്ടുകാരുടെ സഹായസഹകരണങ്ങളോടെ 1950ൽ ഈ വിദ്യാലയത്തിന്റെ രജതജൂബിലി ആർഭാടപൂർവ്വം ആഘോഷിക്കപ്പെട്ടു. 1973 മാർച്ച് 31ന് മാനേജർ ഹെഡ്മാസ്റ്റർ പദവിയിൽ നിന്ന് വിരമിക്കുകയും ശ്രീ ടി.എ. ആണ്ടി ക്കുട്ടി മാസ്റ്റർ ഹെഡ്മാസ്റ്റർ പദവിയിലേക്കുയർത്തുകയും ചെയ്തു. ഒമ്പതു കൊല്ലത്തിനുശേഷം വിരമിച്ച ഇദ്ദേഹത്തിനുശേഷം 1982 മാർച്ച് 31ന് ശ്രീ. എം.കെ. തുപ്രൻ മാസ്റ്റർ ഹെഡ്മാസ്റ്റർ പദവിയിലെത്തി. 1982-83 അധ്യയനവർഷത്തിൽ 14 ഡിവിഷനുകളിലായി 423 വിദ്യാർഥികളുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ ശിപായിയടക്കം 19 അധ്യാപകർ സേവനമനുഷ്ഠിച്ചിരുന്നു. അപ്പർ പ്രൈമറി വിഭാഗത്തിൽ ഉപഭാഷയായി സംസ്കൃതവും ഉറുദുവും പ്രൈമറി വിഭാഗത്തിൽ മുസ്ലിം വിദ്യാർഥികൾക്കായി അറബി ഭാഷയും പഠിപ്പിച്ചിരുന്നു. വിദ്യാർത്ഥികളുടെ ശാസ്ത്രീയപുരോഗതിയെ ലക്ഷ്യമാക്കി ശ്രീമതി. ലിജ ടീച്ചറുടെ നേതൃത്വത്തിൽ സയൻസ് ക്ലബ്ബും കോർണറും ആരംഭിച്ചിരുന്നു. വർഷം തോറും സബ് ജില്ലാതലത്തിൽ

നടത്തിവരുന്ന കലാ-കായിക, ശാസ്ത്ര പ്രവൃത്തിപരിചയ, ഗണിത സാമൂഹ്യശാസ്ത്ര മേളകളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടുകയും ചെയ്യാറുണ്ട്. സ്കൂൾ അസംബ്ലി, സാഹിത്യസമാജം, പാർലിമെന്റ് എന്നിവ പ്രശസ്തമായ വിധം അധ്യാപകരുടെ നേതൃത്വത്തിൽ ആരംഭിച്ചിരുന്നു. മാനേജർ എന്നിവരുടെ സഹകരണത്തോടെ വാട്ടർ ടാങ്ക്, മോട്ടോർ, ടോയ്‌ലറ്റ്, ശുദ്ധജലസൗകര്യങ്ങൾ ഏർപ്പെടുത്തി. ഉച്ചഭക്ഷണം അധ്യാപകരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം അധ്യാപകരുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

## കൈവരിച്ച നേട്ടങ്ങൾ

നാട്ടുകാരുടേയും അധ്യാപകരുടേയും പരിശ്രമത്തിന്റെ ഫലമായി 1948-49 വർഷത്തിൽ ഹയർ എലിമെന്ററി സ്കൂളായി ഉയർത്തപ്പെട്ടു. 1983ൽ അപ്പർ പ്രൈമറി വിഭാഗത്തിൽ ഉപഭാഷയായ സംസ്കൃതവും ഉറുദുവും പ്രൈമറി വിഭാഗത്തിൽ അറബി ഭാഷയും അഭ്യസിച്ചുവരുന്നു. 1982-83 ൽ വിദ്യാർഥികളുടെ ശാസ്ത്രീയമായ വീക്ഷണപുരോഗതിയെ ലക്ഷ്യമാക്കി ശ്രീ. കെ.കെ. കാർത്തികേയൻ മാസ്റ്ററുടെ നേതൃത്വത്തിൽ ഒരു സയൻസ് ക്ലബ്ബും ശ്രീമതി. എ.വി. മഹിളാദേവി ടീച്ചറുടെ കീഴിൽ സയൻസും കോർണറും ആരംഭിച്ചു. വർഷം തോറും സബ് ജില്ലാതലത്തിൽ നടത്തിവരുന്ന കലാമത്സരങ്ങളിലും കായിക മത്സരങ്ങളിലും സജീവമായി പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. സ്കൂൾ അസംബ്ലി, പാർലിമെന്റ്, സാഹിത്യസമാജം എന്നിവ പ്രശസ്തമാകും വിധം അധ്യാപകരുടെ നേതൃത്വത്തിൽ ആരംഭിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നു. മാനേജരുടെ നേതൃത്വത്തിൽ വാട്ടർ ടാങ്ക്, മോട്ടോർ, ടോയ്ലറ്റ്, ശുദ്ധജലസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. അധ്യാപകരുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണം നല്ലനിലയിൽ നടന്നുവരുന്നു. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ നടന്നുവരുന്നു. സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി. കുട്ടികൾക്ക് കൊല്ലം തോറും എൻഡോവ്മെന്റ് നൽകിവരുന്നു. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സ്റ്റേജ് നിർമ്മിച്ചു. ശ്രീ. ടി.എൻ. പ്രതാപൻ നടപ്പിലാക്കിയ സ്മാർട്ട് ക്ലാസ്റൂം, എൽ.സി.ഡി. പ്രൊജക്റ്റർ കുട്ടികൾക്ക് ഏറെ പ്രയോജനപ്രദമായ രീതിയിൽ നടത്തിവരുന്നു. ഗൈഡ്, ബുൾബുൾ, ഗാന്ധിദർശൻ, വിദ്യാരംഗം, ബാലസഭ തുടങ്ങിയവയുടെ പ്രവർത്തനങ്ങളും അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു.

ഈ സ്ഥാപനത്തിൽ നിന്നും ഡോക്ടർമാർ, എൻജിനീയർമാർ, വക്കീലന്മാർ, അധ്യാപകർ, ബാങ്ക് ജീവനക്കാർ തുടങ്ങിയവരും സാമൂഹ്യമേഖലയിൽ ഉന്നതിയിലെത്തിയവരുമുണ്ട്.

# പൊതുലക്ഷ്യങ്ങൾ

- ഒന്നു മുതൽ ഏഴാം ക്ലാസുവരെയുള്ള എല്ലാ കുട്ടികൾക്കും പഠനനേട്ടങ്ങൾ അവരുടെ ക്ലാസുകൾക്കനുസൃതമായി നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നു.
- ഭിന്നശേഷിയിൽപ്പെട്ട കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരുടെ നിലവാരം ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
- കലാ കായികപ്രവർത്തനങ്ങൾ അക്കാദമികപ്രവർത്തനങ്ങളുമായി കൂട്ടിയോജിപ്പിക്കും.
- സാമൂഹിക പങ്കാളിത്തത്തോടുകൂടി അക്കാദമിക പിലവാരം ഉയർത്തുന്ന തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.
- അധ്യാപകരുടെ അഭാവം നികത്തുന്നതിനായി പൊതുസമൂഹത്തിൽ നിന്ന് റിസോഴ്സ് പേഴ്സണെ കണ്ടെത്തും.
- നിരീക്ഷണ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രീയാഭിരുചി വളർ ത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
- അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള കമ്പ്യൂട്ടർ പരിജ്ഞാനം ഉറപ്പു വരുത്തുകയും ക്ലാസ്റൂം പഠനം ഐ.സി.ടി അടിസ്ഥാനമാക്കി ആയിരിക്കുകയും ചെയ്യും.
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ ക്യാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി കുട്ടികളെ പ്രകൃതിയോടിണങ്ങിച്ചേരുന്നതിനും പ്രാപ്തരാക്കും.
- വിവിധതരം ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികളെ സമൂഹത്തിലെ നല്ല പൗരന്മാരായി വാർത്തെടുക്കാൻ സഹായിക്കും.

# അധ്യാപകർ ഉൾപ്പെടെയുള്ളവരുടെ എണ്ണം

| Sl.No. | Name of the teacher | Class |
|---|---|---|
| 1. | SHYMA. V.B | H.M |
| 2. | Lanty Antony | I |
| 3. | Krishna Ramesh | II |
| 4. | Sini Sidhan. C | III |
| 5. | Shyl. K.P | V |
| 6. | Shiji. E.D | VI |
| 7. | Lija Mathews. T | VII |
| 8. | Shameena. P.A | Arabic |
| 9. | K.P. Pournami | Sanskrit |
| 10. | Anand. N.V | OA |

## നിലവിലുള്ള അവസ്ഥാവിശേഷം

ഒന്നാം ക്ലാസിൽ ചിഹ്നങ്ങൾ ഉറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. വർക്ക്ഷീറ്റുകൾ ധാരാളമായി നൽകിയിട്ടുണ്ട്. മാജിക് വാളിന്റെ അബാക്കസ് ഉപയോഗിച്ചുവരുന്നു. രണ്ടാം ക്ലാസിലെ കുട്ടികൾ നന്നായി വായിക്കുകയും എഴുതുകയും ചെയ്യുന്നുണ്ട്. ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കുകയും വായിക്കുകയും ചെയ്യുന്നുണ്ട്. ഗണിതത്തിൽ അധികപ്രവർത്തനങ്ങൾ ചെയ്തുവരുന്നു. രണ്ടാം ക്ലാസിലെ കുട്ടികൾ മലയാളം നന്നായി വായിക്കുകയും എഴുതുകയും ചെയ്യുന്നു. ഗണിതം ഉറയ്ക്കുന്നതിനുള്ള വർക്ക് ഷീറ്റുകൾ നൽകുന്നു. മൂന്നാം ക്ലാസിൽ ഇംഗ്ലീഷിൽ 'മൈ വേഡ്സ്' എന്ന പ്രവർത്തനം നടന്നുവരുന്നു. പരമാവധി വാക്കുകളും സ്പെല്ലിംഗും പഠിക്കുകയും അങ്ങനെ വാചകങ്ങൾ എഴുതുവാൻ കുട്ടികളെ പ്രാപ്തരാക്കുകയുമാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. ഓരോ 100 വാക്കിന്റെയും സ്പെല്ലിംഗ് പറഞ്ഞു കഴിഞ്ഞാൽ ഗോൾഡൻ സ്റ്റാർ കുട്ടികൾക്കു നൽകിവരുന്നു. കുട്ടികൾ ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പുകൾ എഴുതിവരുന്നു. ഡയറി ദിവസേന എഴുതുന്നതിനാൽ അക്ഷരതെറ്റ് കുറഞ്ഞുവരുന്നുണ്ട്.ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനായി അധിക പ്രവർത്തനങ്ങൾ ധാരാളമായി നൽകിവരുന്നു. നാലാം ക്ലാസിൽ എല്ലാ ദിവസവും മലയാളത്തിൽ ഡയറി എഴുതുന്നു. ബി.ബിയിൽ എഴുതിയ ഡയറി വായിച്ച് എഡിറ്റിങ്ങ് നടത്തിയതിനുശേഷമാണ് ക്ലാസ് തുടങ്ങുന്നത്. ഇതുവഴി അക്ഷരത്തെറ്റ് കുറയ്ക്കുവാനും, തെറ്റുകൂടാതെ വാചകങ്ങൾ എഴുതുവാനും കുട്ടികൾക്ക് കഴിയുന്നു. മലയാളം എല്ലാ കുട്ടികൾക്കും വായിക്കുവാനും എഴുതുവാനും കുട്ടികൾക്ക് കഴിയുന്നു. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ ഒഴികെ എല്ലാവരും പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. സമയം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ കഴിയുന്നു. എല്ലാ കുട്ടികൾക്കും സമയം നോക്കാൻ അറിയാം. നീളം അളക്കാൻ അറിയാം. പ്രായോഗിക പ്രശ്നങ്ങൾ സ്വയം വായിച്ച്. നിർധാരണം ചെയ്യാൻ എല്ലാ കുട്ടികൾക്കും കഴിയുന്നില്ല. പരിസരപഠനവുമായി

ബന്ധപ്പെട്ട കാര്യങ്ങൾ വർഗ്ഗീകരിക്കാനും, പട്ടികപ്പെടുത്താനും, പരീക്ഷണം ചെയ്യാനും വിശകലനം ചെയ്യാനും കുട്ടികൾ മികവുകൾ നേടി ഇംഗ്ലീഷ് വായിക്കാനും ചെറിയ വാചകങ്ങൾ എഴുതുവാനും സംസാരിക്കുവാനും കുട്ടികൾക്ക് കഴിയുന്നു. മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മലയാളത്തിളക്കം പഠനത്തിലൂടെ കൂടുതൽ മെച്ചപ്പെടുത്താൻ സാധിച്ചു.

യു.പി. ക്ലാസിൽ ഇംഗ്ലീഷിൽ പറയുന്ന കാര്യങ്ങൾ കുട്ടികൾ നന്നായി ഗ്രഹിക്കുന്നു. പക്ഷേ റെസ്പോണ്ടിംഗ് ഇംഗ്ലീഷിൽ തന്നെ ചെയ്യുവാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. അതിനായി ഡിബേറ്റ്, ന്യൂസ് ഷോ, ഇംഗ്ലീഷ് അസംബ്ലി, സ്കിറ്റ്സ്, ഇംഗ്ലീഷ് സ്റ്റോറി കളുടെ വായനക്കുറിപ്പുകൾ തയ്യാറാക്കൽ എന്നിവ നടത്തിവരുന്നു. ഇംഗ്ലീഷിൽ ഡയറി എഴുതുകയും എഡിറ്റിങ് നടത്തുകയും ചെയ്യുന്നതിനാൽ ഇംഗ്ലീഷ് റിട്ടൺ ആക്ടിവിറ്റിയിൽ തെറ്റുകൾ കുറഞ്ഞുവരുന്നു. പരീക്ഷയിൽ അതിനുള്ള ഫലം കിട്ടിയിട്ടുണ്ട്. കുട്ടികൾക്ക് ഇംഗ്ലീഷിൽ ആങ്കർ ചെയ്യുവാൻ കഴിയുന്നുണ്ട്. യു.പി. ക്ലാസിൽ ഹിന്ദി ഡയറി നന്നായി എഴുതുവാൻ കുട്ടികൾ ശ്രമിക്കുന്നുണ്ട്. അഞ്ചാം ക്ലാസിലെ കുട്ടികൾ ഹിന്ദി നന്നായി എഴുതുകയും വായിക്കുകയും ചെയ്യുന്നു. ഹിന്ദി സിനിമ, ഡോക്യുമെന്ററികൾ, സ്കിറ്റ്, കവിതകൾ എന്നിവ കാണുവാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു. കുട്ടികൾക്ക് ഹിന്ദിയിൽ റെസ്പോണ്ട് ചെയ്യുവാൻ സാധിക്കുന്നു. 5,6,7 ക്ലാസിൽ മലയാളത്തിളക്കവും ശാസ്ത്രപരീക്ഷണങ്ങളും നല്ല രീതിയിൽ നടക്കുന്നു.

# അക്കാദമിക മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

1. ഗുണമേന്മ വിദ്യാലയം
2. ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബ് മികവുറ്റതാക്കൽ.
3. കമ്പ്യൂട്ടർ പഠനം മികച്ചതാക്കൽ
4. ക്ലാസ് ലൈബ്രറി മികവുറ്റതാക്കൽ
5. ഭാഷാശേഷി വർധിപ്പിക്കൽ
6. പി.ടി.എ, എം.പി.ടി.എ, ഒ.എസ്.എ, എസ്.എസ്.ജി ശാക്തീകരണം.
7. ഇംഗ്ലീഷ് പഠന പരിപോഷണം
8. ഗവേഷണാത്മക പ്രവർത്തനങ്ങൾ
9. വായനാപരിപോഷണം
10. ശാസ്ത്രാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ
11. ജൈവ വൈവിധ്യപാർക്ക്
12. ഗണിതശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ
13. ടാലന്റ് ലാബ് രൂപീകരിക്കൽ
14. ഇതര ഭാഷകളിൽ പ്രാവീണ്യം നേടികൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

എൽ.പി

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം വായിക്കാനും അക്ഷരത്തെറ്റില്ലാതെ എഴുതുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ. | 1. പ്രീടെസ്റ്റ് നടത്തി ഓരോ കുട്ടിയുടെയും നിലവാരം കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ | | എച്ച്.എം |
| | 2. പരിഹാരപ്രവർത്തനങ്ങൾ കണ്ടെത്തൽ. | ജൂൺ പകുതി മുതൽ | ക്ലാസ് ടീച്ചർ | | എച്ച്.എം |
| | 3. ചിഹ്നം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | ജൂലൈ | ക്ലാസ് ടീച്ചർ | 250 രൂപ | എച്ച്.എം |
| | 4. അക്ഷര കാർഡ്, വാക്ക് എഴുതിയ കാർഡ് | ജൂലൈ | | | |
| | 5. വായനാസാമഗ്രികൾ അക്ഷരമരം, മലയാളം നിഘണ്ടു നിർമ്മാണം | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | 500 രൂപ | എച്ച്.എം |
| | 6. ക്ലാസ്സ് ലൈബ്രറി, ഐ.സി.ടി. സാധ്യത. | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | | എച്ച്.എം |
| | 7. ദിനപത്രങ്ങളിൽ നിന്നും വാർത്തകൾ ശേഖരിക്കുന്നു. തുടർന്ന് ഓരോ മാസവും ക്വിസ്. | സെപ്തംബർ മുതൽ | ക്ലാസ് ടീച്ചർ | 500 രൂപ | എച്ച്.എം |
| | 8. പതിപ്പുകൾ, ചുമർ മാസിക പ്രദർശനം | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 1000 രൂപ | എച്ച്.എം |
| | 9. പ്രശസ്ത വ്യക്തികളുമായി അഭിമുഖം. | ജനുവരി | ക്ലാസ് ടീച്ചർ, ഭാഷാധ്യാപിക | 1000 രൂപ | എച്ച്.എം |
| | 10. സെമിനാർ, പ്രൊജക്ട്, സംവാദനം സംഘടിപ്പിക്കുന്നു. | ജനുവരി | ക്ലാസ് ടീച്ചർ, ഭാഷാധ്യാപിക | 500 രൂപ | എച്ച്.എം |

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| | 11. വൈവിധ്യമാർന്ന രചനകൾ നടത്തുവാനുള്ള പ്രാക്ടീസ് നൽകുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ, ഭാഷാധ്യാപിക | 500 രൂപ | |
| | 12. ലഘുനാടകങ്ങൾ എഴുതൽ, അവതരിപ്പിക്കൽ | ഫെബ്രുവരി | | 500 രൂപ | |
| | 13. കാവ്യോത്സവം<br>14. കാവ്യാവിഷ്കാരം<br>15. റീഡേഴ്സ് തിയ്യറ്റർ | ഓരോ ടേമിലും | | 500 രൂപ | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1. ചിത്രത്തെ ആസ്പദമാക്കി വിവരണം തയ്യാറാക്കൽ. | ♦ ചിത്രം പ്രദർശിപ്പിക്കൽ<br>♦ ചർച്ച<br>♦ പിന്നോക്കക്കാർക്ക് ചെറിയ വാചകങ്ങൾ എഴുതാൻ അവസരം നൽകൽ.<br>♦ പാഠപുസ്തകത്തിലെ ചിത്രങ്ങളെക്കുറിച്ച് വിവരണം എഴുതുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 500 | എച്ച്.എം |
| 2. വാക്കുകളെ അക്ഷരമാല ക്രമത്തിൽ എഴുതൽ. | ♦ നിഘണ്ടു പരിചയപ്പെടുത്തൽ.<br>♦ പാഠഭാഗത്തെ ബുദ്ധിമുട്ടേറിയ വാക്കുകൾ കണ്ടെത്തുന്നു.<br>♦ വാക്കുകളെ അക്ഷരമാലാക്രമത്തിൽ എഴുതി അർത്ഥം കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | എച്ച്.എം |
| 3. സംഭാഷണം | ♦ പാഠപുസ്തകത്തിലെ സന്ദർഭത്തിന് അനുയോജ്യമായ സംഭാഷണം തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | എച്ച്.എം |
| 4. Rhyming Word കണ്ടെത്തൽ. | ♦ വ്യക്തിഗതമായും ഗ്രൂപ്പായും കവിത ചൊല്ലി നോക്കാൻ അവസരം നൽകുന്നു.<br>♦ ഓഡിയോ കേൾപ്പിക്കുന്നു.<br>♦ Rhyming Words കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | എച്ച്.എം |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 5. കവിതയിൽ വരികൾ കൂട്ടിച്ചേർക്കൽ. | ♦ കവിതയിലെ 4 വരികൾ എഴുതികൊടുക്കുന്നു.<br>♦ തുടർന്നുള്ള വരികൾ കൂട്ടിച്ചേർക്കാൻ അവസരം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| 6. തന്നിരിക്കുന്ന കഥ, കവിത വായിച്ചു മനസിലാക്കൽ. | ♦ ലൈബ്രറി പുസ്തകങ്ങൾ പ്രയോജനപ്പെടുത്തി കഥ, കവിത എന്നിവ വായിച്ച് സ്വന്തം വാക്യത്തിൽ പറയാൻ അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| 7. റിഡിൽ നിർമ്മാണം | ♦ കടങ്കഥകൾ സ്വന്തമായി വായിച്ച് ഉത്തരം കണ്ടെത്താൻ അവസരം.<br>♦ സ്വന്തമായി കടങ്കഥ തയ്യാറാക്കൽ. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | | | |
| 8. പ്രോജക്ട് | ♦ ദത്ത ശേഖരണം<br>♦ ചെറിയ പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കൽ. | സെപ്തംബർ മുതൽ മാർച്ച് വരെ | | | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാൻ ഗണിതവിജയം, ഉല്ലാസ ഗണിതം നടപ്പാക്കുക. | ♦ വിനോദ പ്രവർത്തനങ്ങളിലൂടെയുള്ള പഠനം<br>♦ ഐ.സി.ടി<br>♦ ജ്യാമതീയരൂപങ്ങൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ<br>♦ സംഖ്യാപാറ്റേണുകൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, | | എച്ച്.എം |
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചതുഷ്ക്രിയകൾ സഹായകമാകുന്നുവെന്ന് തിരിച്ചറിയാൻ | ♦ കുട്ടികൾ സ്വന്തമായി വർക്ക് ഷീറ്റുകൾ നിർമ്മിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. | ആഗസ്റ്റ് | | | എച്ച്എം |
| സംഖ്യകൾ എഴുതുവാനും വ്യാഖ്യാനിക്കാനുമുള്ള ശേഷി ഉറപ്പിക്കൽ. | ♦ കളി നോട്ട്<br>♦ സംഖ്യാകാർഡ്<br>♦ സംഖ്യാസൂര്യൻ എന്നീ പ്രവർത്തനങ്ങൾ | ജൂൺ മുതൽ ഡിസംബർ വരെ | ക്ലാസ് ടീച്ചർ | | എച്ച്.എം<br>എച്ച്.എം |
| കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയത് ഉറപ്പാക്കൽ. | ♦ യൂണിറ്റ് ടെസ്റ്റ് | എല്ലാ മാസവും | ക്ലാസ് ടീച്ചർ | | എച്ച്.എം |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 മുതൽ 7 വരെ ക്ലാസുകളിലെ പരിസരപഠനം, ശാസ്ത്ര പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും. | 1. സ്കൂൾ കോമ്പൗണ്ടിലെ സസ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ. | ജൂൺ | ക്ലാസ് ടീച്ചർ | | എച്ച്.എം |
| | 2. പൂന്തോട്ട നിർമ്മാണം | ജൂൺ മുതൽ | എൽ.പി. ടീച്ചർ | 5000 രൂപ | എച്ച്.എം |
| | 3. ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഓരോ സസ്യമെങ്കിലും. | ജൂൺ 10 | ക്ലാസ് ടീച്ചർ | | എച്ച്.എം |
| | 4. ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്തൽ | ജൂൺ 15 മുതൽ | ക്ലാസ് ടീച്ചർ | 100 രൂപ | എച്ച്.എം |
| | 5. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ. | ജൂലായ് മുതൽ | ക്ലാസ് ടീച്ചർ | 200 രൂപ | എച്ച്.എം |
| സസ്യശാസ്ത്രപഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായ സ്കൂൾ കോമ്പൗണ്ടിൽ നിർമ്മിക്കുന്നതിനും അത് പാഠഭാഗവുമായി ബന്ധിപ്പിച്ച് കുട്ടികൾക്ക് നിരീക്ഷണത്തിലൂടെ പഠനപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്. | പഠനയാത്ര, നിരീക്ഷണങ്ങൾ രേഖപ്പെടുത്തൽ, ഫീൽഡ് ട്രിപ്പ് | സെപ്തംബർ ആദ്യവാരം | ക്ലാസ് ടീച്ചർ, ശാസ്ത്ര അധ്യാപിക | | എച്ച്.എം |
| | പതിപ്പുകൾ, മാഗസിനുകൾ നിർമ്മാണം, പ്രദർശനം. | ആഗസ്റ്റ് മുതൽ നവംബർ വരെ | ക്ലാസ് ടീച്ചർ | 500 രൂപ | എച്ച്.എം |
| | പരിസര / വ്യക്തി ശുചിത്വം | ജൂൺ മുതൽ | | | |
| | ശാസ്ത്ര കൗതുകം/ പ്രദർശനം | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | 100 രൂപ | എച്ച്.എം |

മേഖല : അക്കാദമികം

ഉപമേഖല : അറബിക് (എൽ.പി)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ അറബിക് കുട്ടികൾക്കും അറബി വായിക്കാനും അക്ഷരത്തെറ്റില്ലാതെ എഴുതുന്നതിനുള്ള ശേഷി വികസിപ്പിക്കൽ. | 1. പ്രീടെസ്റ്റ് നടത്തി ഓരോ കുട്ടിയുടെയും നിലവാരം കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | അറബി അധ്യാപിക | | എച്ച്.എം |
| | 2. പരിഹാരപ്രവർത്തനങ്ങൾ കണ്ടെത്തൽ. | ജൂൺ പകുതി മുതൽ | അറബി അധ്യാപിക | | എച്ച്.എം |
| | 3. ചിഹ്നം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ. | ജൂലൈ | അറബി അധ്യാപിക | 5000 രൂപ | എച്ച്.എം |
| | 4. അക്ഷരകാർഡ്, വാക്ക് എഴുതിയ കാർഡ് | ആഗസ്റ്റ് | അറബി അധ്യാപിക | | എച്ച്.എം |
| | 5. വായനാകാർഡ്, പതിപ്പുകൾ | സെപ്തംബർ | അറബി അധ്യാപിക | | എച്ച്.എം |
| | 6. ലഘുവിവരണങ്ങൾ തയ്യാറാക്കൽ | ഡിസംബർ | അറബി അധ്യാപിക | | എച്ച്.എം |
| | 7. അറബിക് അസംബ്ലി അറബി ഭാഷാദിനാചരണം (ഡിസംബർ 18) | ജനുവരി | അറബി അധ്യാപിക | | എച്ച്.എം |
| | 8. പക്ഷികൾ, ജീവികൾ എന്നിവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ ചിത്രം - അടിക്കുറിപ്പ് ചിത്രം- കഥ പറയൽ | ജനുവരി, ഫെബ്രുവരി | അറബി അധ്യാപിക | | എച്ച്.എം |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| objective | Activities | Period | Duties | Finance | Monitoring |
|---|---|---|---|---|---|
| To enhance and enrich English language which enables the students to read, write and speak easily | 1. Conducting pretest finding out the merits and demerits. | June 1st week | English Teacher | Rs 500/- PTA | HM |
| | 2. Conducting remedial activities | June 2nd week | English Teacher | Rs 25/- for each student | HM |
| | 3. English Assembly, English Day | Every Monday | English Teacher | | HM |
| | 4. Easy English | Every Tuesday | English Teacher | Rs 25/-for each student | HM |
| | 5. A bouquet of 1000 sentences, Diary | Every Wednesday | English Teacher | Rs 25/-for each student | HM |
| | 6. English class library, Reading materials, reading books, paper | Month of July | English Teacher and HM | Rs 500/- PTA | HM |
| | 7. We together | Every Day | English Teacher | Rs 500/- PTA | HM |
| | 8. Magazine, Exhibition | From the month of August – February | English Teacher | Rs 500/- PTA | HM |
| | 9. English fest, Skit | February | English Teacher | Rs 1000/- SSK | HM |
| | 10.Hello English | Every Friday | English Teacher | Rs 500/- PTA | HM |

മേഖല : അക്കാദമികം

ഉപമേഖല : സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 മുതൽ 7 വരെ ക്ലാസുകളിലെ പരിസരപഠനം, ശാസ്ത്ര പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും, പഠനനേട്ടം ഉറപ്പാക്കുന്നതിനും. | 1. ശാസ്ത്രമൂല ഒരുക്കൽ (വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കൽ) | ജൂൺ 5 മുതൽ | ശാസ്ത്രാ ധ്യാപിക | 1000 രൂപ | എച്ച്.എം |
| | 2. ലാബ് ഒരുക്കൽ (അലമാര, ഉപകരണങ്ങൾ, പുസ്തകങ്ങൾ, വെള്ളം, സാമഗ്രികൾ) | ജൂൺ ആദ്യം | അറബി ശാന്ത അധ്യാപിക<br>അറബി ശാന്ത അധ്യാപിക | 3000 രൂപ<br>1000 രൂപ | എച്ച്.എം<br>എച്ച്.എം |
| | 3. ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തൽ | ജൂൺ ആദ്യം മുതൽ | അറബി ശാന്ത അധ്യാപിക | | എച്ച്.എം |
| | 4. പരീക്ഷണങ്ങളിലേർപ്പെടൽ (ലിറ്റിൽ സയന്റിസ്റ്റ്) | ജൂലൈ മുതൽ | ക്ലാസ് അധ്യാപകർ | | എച്ച്.എം |
| | 5. ക്വിസ്, അഭിമുഖം, സെമിനാർ | ജൂലൈ, സെപ്തംബർ | ലിജ ടീച്ചർ | | എച്ച്.എം |
| | 6. പഠനയാത്ര, ഫീൽഡ് ട്രിപ്പ് | ഒക്ടോബർ, നവംബർ | ലിജ ടീച്ചർ, ഷിജി ടീച്ചർ | | എച്ച്.എം |
| | 7. ശാസ്ത്രപ്രദർശനം | ഒക്ടോബർ | അധ്യാപകർ | | എച്ച്.എം |
| | 8. മൈ സയൻസ് വേൾഡ് | ആഴ്ചയിലൊരിക്കൽ | ലിജ ടീച്ചർ | | എച്ച്.എം |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഗണിതശേഷി ഉറപ്പിക്കുന്നതിന് | പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | ഗണിത അധ്യാപിക | 200 രൂപ | എച്ച്.എം |
| | പരിഹാരപ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ രണ്ടാം വാരം | | | |
| | പോസ്റ്റ് ടെസ്റ്റ് | ജൂൺ അവസാനം | | 200 രൂപ | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന്. | ഗണിത കേളികൾ, ക്വിസ്, പസിൽ | ജൂലായ് മുതൽ | | | |
| ഗണിത താത്പര്യം വളർത്തുന്നതിന് | എല്ലാ കുട്ടികൾക്കും ഗണിത നിഘണ്ടു | | | | |
| | റിവേഴ്സ് ക്വിസ് | ആഗസ്റ്റ് മുതൽ | | 100 രൂപ | |
| | ഗണിതമൂല സജ്ജീകരണം | ആഗസ്റ്റ് | | 250 രൂപ | |
| | ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ | സെപ്തംബർ മുതൽ മാർച്ച് വരെ | | | |
| | ചിത്രങ്ങൾ, കുറിപ്പ് | | | | |
| | ഗണിത മാഗസിൻ തയ്യാറാക്കൽ | | | | |
| | സ്കിറ്റ് അവതരണം | | | | |
| | ഗണിത പ്രൊജക്ട്, ഗണിത സെമിനാർ അവതരണം | ഫെബ്രുവരി | | | |
| | ഗണിത രൂപങ്ങൾ, ഒറിഗാമി നിർമ്മാണം, പ്രദർശനം | ഫെബ്രുവരി | | 200 രൂപ | |
| | ഐ.സി.ടി സാധ്യതകൾ | | | | |

മേഖല : അക്കാദമികം

ഉപമേഖല : ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ.<br><br>യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ♦ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>♦ ചിഹ്നം ഉറപ്പിക്കൽ<br>♦ അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>♦ വാക്കുകൾ നിർമ്മാണം<br>♦ വാക്യങ്ങളുടെ നിർമ്മാണം<br>♦ അക്ഷര എഴുത്ത്<br>♦ ക്ലാസ് മുറിയിൽ ഹിന്ദി പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷര ചാർട്ട്, പാഠപുസ്തകം | BRC, DIET SCERT (ആവശ്യമെങ്കിൽ)<br><br>റിസോഴ്സ് ടീച്ചേഴ്സ് |
| ഹിന്ദി പഠനാന്തരീക്ഷം സൃഷ്ടിക്കൽ. വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദിയിൽ ഡയറിയിൽ എഴുതുക. | | | പി.ടി.എ, ബി.ആർ.സി റിസോഴ്സ് ടീച്ചേഴ്സ് |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം<br><br>(സുരീലി ഹിന്ദി) | ♦ ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>♦ ക്ലാസ് ലൈബ്രറി<br>♦ ഹിന്ദി അസംബ്ലി<br>♦ ഹിന്ദിയിൽ പതിപ്പുകൾ തയ്യാറാക്കൽ<br>♦ വാർത്തകൾ, കവിതകൾ എന്നിവ കേൾക്കാനുള്ള അവസരം.<br>♦ ചിത്രം - അടിക്കുറിപ്പ്<br>♦ ചിത്രം - കഥ പറയൽ<br>♦ ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ. | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | BRC<br>DIET<br>P T A<br>SCERT |

മേഖല : അക്കാദമികം

ഉപമേഖല : സംസ്കൃതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| സംസ്കൃതം വായിക്കാനും എഴുതാനും പഠിക്കുക. | 1. ക്ലാസിൽ അക്ഷരമാല പ്രദർശനം<br>2. ചിഹ്നം ഉറപ്പിക്കൽ.<br>3. അക്ഷര കാർഡ് നിർമ്മാണം<br>4. വാക്കുനിർമ്മാണം<br>5. സംസ്കൃതോത്സവം നടത്തുക | ജൂൺ മുതൽ സെപ്തംബർ വരെ | ആധ്യാപിക | | എച്ച്.എം |
| ആശയങ്ങൾ തെറ്റുകൂടാതെ എഴുതുവാനും | 1. കഥ പറയൽ, പാഠപുസ്തക വായന, | ഒക്ടോബർ | | | |

# പ്രതീക്ഷിത നേട്ടങ്ങൾ

1. അക്കാദമിക നിലവാരം ഉയർത്തുക
2. കുട്ടികളുടെ ഭാഷാശേഷി വർധിപ്പിക്കൽ
3. കൊഴിഞ്ഞുപോക്ക് തടയൽ
4. പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കൽ
5. പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകൽ
6. കാർഷിക സംസ്കാരം വളർത്തുന്നതിലൂടെ പരിസ്ഥിതിബോധം വളർത്തൽ
7. ലഹരി വിമുക്ത മനോഭാവം വളർത്തിയെടുക്കുന്നതിലൂടെ കുട്ടികളെ നല്ല പൗരന്മാരായി വളർത്തിയെടുക്കൽ.
8. ശാസ്ത്ര പഠനത്തിലൂടെ ശുചിത്വബോധം, ആരോഗ്യം, പോഷകാഹാര ത്തിന്റെ ആവശ്യകത എന്നിവ ഉറപ്പാക്കൽ.
9. ഉയർന്ന നിലവാരത്തിലുള്ള അധ്യാപക പരിശീലനം അധ്യാപകർക്ക് ലഭ്യമാക്കൽ.
10. ഐ.ടി. മേഖലയിൽ കുട്ടികളെ പ്രാപ്തരാക്കുക.
11. കുട്ടികളിൽ ഗണിതശേഷി വർധിപ്പിക്കൽ
12. ഭാവിയിലെ നല്ല പൗരന്മാരായി വാർത്തെടുക്കൽ.

# ഉപസംഹാരം

മതിയായ പഠനാനുഭവങ്ങൾ ഓരോ പഠിതാവിനും ലഭിക്കുമ്പോൾ മാത്രമേ പഠനനേട്ടം ഉറപ്പാക്കാനാകൂ. പഠനവും വിലയിരുത്തലും ഉദ്ഗ്രഥിതമായി നടക്കേണ്ടതാണ്. വിഷയാധിഷ്ഠിതമായ ഉള്ളടക്കം, പഠിതാവിന്റെ പഠനാവശ്യങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് യോജ്യമായ പഠനബോധനരീതികളും തന്ത്രങ്ങളും പ്രയോജനപ്പെടുത്തുമ്പോൾ എല്ലാവർക്കും പഠനനേട്ടം കൈവരിക്കുവാൻ സാധിക്കും. പഠനപ്രവർത്തനങ്ങൾ പഠിതാവിന്റെ താല്പര്യവും വികാരവും പരിഗണിച്ചുകൊണ്ട് വൈവിധ്യമുള്ള പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ഉതകുന്ന പഠനാന്തരീക്ഷമാണ് വിദ്യാലയങ്ങളിൽ ഒരുക്കേണ്ടത്. ഓരോ കുട്ടിയുടെയും സമഗ്രവികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉപകരിക്കട്ടെ.